**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്വർണക്കടത്തുമായി ബന്ധപ്പെട്ട ക്രമസമാധാനപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വർണക്കടത്തുമായി ബന്ധപ്പെട്ട് ഒട്ടേറെ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാര്യക്ഷമമായ വാഹന പരിശോധന നടത്തിയും പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയും സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ രഹസ്യാന്വേഷണം നടത്തിയും ഇത്തരം സംഭവങ്ങൾ തടയാൻ ശ്രമിക്കുന്നുണ്ട്. |
| (സി) | സ്വർണക്കടത്തിന് കസ്റ്റംസ്, പോലീസ് അധികൃതരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്നുണ്ടോ എന്നറിയാൻ രഹസ്യാന്വേഷണം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വർണ്ണക്കടത്തിന് കസ്റ്റംസ്, പോലീസ് അധികൃതരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്നുണ്ടോ എന്നറിയുന്നതിനായി രഹസ്യാന്വേഷണ വിഭാഗം ശക്തമായ നിരീക്ഷണം നടത്തി വരുന്നു. |
| (ഡി) | പിടിക്കപ്പെടുന്ന സ്വർണം ആരാണ് അയയ്ക്കുന്നതെന്നും ആർക്കുവേണ്ടിയാണ് അയയ്ക്കുന്നതെന്നും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ കസ്റ്റംസ് ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ ഇത്തരം കേസുകളുടെ അന്വേഷണം കേന്ദ്ര ഏജൻസികളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ